പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1575 — 05.02.2019 ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | പഞ്ചായത്ത് വകുപ്പിൽ 1994 ന് ശേഷം സ്പെഷ്യൽ റൂൾ പരിഷ്കരണം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | ഉണ്ട്; 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ S.R.O No 192/98, കേരള ഗസറ്റ്(അസാധാരണം) നം. 352 തീയതി 24.02.1998 ആയി ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള സ്പെഷ്യൽ റൂളിലെ ചില പോരായ്മകൾ കാരണം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട ക്ലാസ് 4 ജീവനക്കാരുടെ പ്രൊമോഷൻ നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | LD ക്ലാർക്ക്/LD ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിലെ 10% വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 'By Promotion' ലൂടെ ഉദ്യോഗകയറ്റം നൽകിയിരുന്നു. പ്രസ്തുത ഉദ്യോഗ കയറ്റം വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്കും നൽകിയിരുന്നു. എന്നാൽ അതിനെതിരെ ഫയൽ ചെയ്ത കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(എം.എസ്) 158/2018/തസ്വഭവ Dated 01/11/2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവീസ് ജീവനക്കാരെ തസ്തികമാറ്റനിയമനത്തിനുള്ള ജില്ലാ തല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കികൊണ്ടും ഇതിനകം തസ്തിക മാറ്റ നിയമനം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ റദ്ദുചെയ്തു കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്ക് ക്ലറിക്കൽ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നടത്തുന്നില്ല. |

Daniya M J
സെക്ഷൻ ഓഫീസർ